GOVT L.P.SCHOOL
P.VEMBALLUR

# അക്കാദമിക മാസ്റ്റർ പ്ലാൻ




# 2025_ 26

MATH

# പേജുകളിലൂടെ


| വിഷയം | പേജ് നമ്പർ |
|---|---|
| ലക്ഷ്യങ്ങൾ | 1 |
| വിദ്യാലയ ചരിത്രം | 23 |
| വിദ്യാലയം മികവിന്റെ കേന്ദ്രം | 4 |
| പദ്ധതി രൂപീകരണ പ്രക്രിയ | 5 |
| മികവിനായി ഏറ്റെടുത്ത പ്രവർത്തനം | 6 |
| പദ്ധതി വിശദാംശങ്ങൾ | 7 |
| പഠിക്കാം മുന്നേറാം | 8 |
| വായിക്കാം വളരാം | 9 |
| എസ് ആർ ജി | 10 |
| ഹലോ ഇംഗ്ലീഷ് | 11 |
| ഗണിതം മധുരം | 12 |
| അളവുപകരണങ്ങളുടെ പ്രാധാന്യം | 13 |
| പ്രതിഭ പോഷണപരിപാടി | 14 |
| സ്കൂൾ പത്രം മാസിക | 15 |
| ക്ലാസ്സ് പി ടി എ | 16 |
| കലാ കായിക പരിശീലനം | 17 |
| പഠനയാത്രകൾ | 18 |
| ജൈവവൈവിധ്യപാർക്ക് | 19 |
| ഒന്നാം ക്ലാസ്സ് ഒന്നാംതരം | 20 |
| ഗൃഹ സന്ദർശനം | 21 |
| ക്ലബ് പ്രവർത്തനങ്ങൾ | 22 |
| മൂല്യ നിർണയം | 23 |
| പച്ചക്കറി തോട്ടം | 24 |
| മാലിന്യ വിമുക്ത വിദ്യാലയം | 25 |
| വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ പ്രവര്ധത്തനം | 26 |
| വിദ്യാലയം ആകർഷകമാക്കൽ | 27 |
| സ്കൂൾ ബെൽ | 28 |
| ക്ലാസ്സ് മുറികൾ പര്യാപ്തമാക്കൽ | 29 |
| കുട്ടികളുടെ പാർക്ക് | 30 |
| ശിശു സൗഹൃദ ടോയ്‌ലറ്റ് | 31 |
| ഊട്ടുപുര | 32 |
| ദിനാചരണം | 33 |
| പ്രതീക്ഷിത നേട്ടങ്ങൾ | 34 |
| ഉപസംഹാരം | 35 |
| അനുബന്ധം | 36 |
| നിലവിലുള്ള കമ്മറ്റികൾ | |

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമ്, കല, കായിക പ്രവർത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠനപിന്തുണ സംവിധാനങ്ങളായ ലാബോറട്ടറി, കമ്പ്യൂട്ടർ, എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികളും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിര വികസന കാഴ്ച്ചപാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ ( കളിയുപകരണങ്ങൽ, ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർത്ഥി സൗഹൗദമായി രൂപകൽപന ചെയ്യുകയും വിദ്യാർത്ഥകളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാകുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കുടി സഹായത്താൽ നിരന്തരും അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരം തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്രേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസുത്രണം ചെയ്യുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ച്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് പൊതു വിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനത്തിലൂടെയാണ് മികവിന്റെ കേന്ദ്രങ്ങളാക്കി മാറുക. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കി മാറിയാൽ മാത്രമേ വിദ്യാലയത്തിൽ വിദ്യാർഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകൂ. അതിനായി ഭാഷ ഗണിതം ഇംഗ്ലീഷ് ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്ന പ്രവർത്തനങ്ങൾ വായന പ്രോൽസാഹിപ്പിക്കാൻ ലൈബ്രറി ശാക്തീകരണം, കലാ കായിക പ്രവൃത്തി പരിചയം എന്നിങ്ങനെ പ്രവർത്തനങ്ങൾ അക്കാദമികപരമായ മേഖലയിലും നടത്തേണ്ടതുണ്ട്.

ഇത് കൂടാതെ സ്കൂൾ കെട്ടിട നവീകരണപ്രവർത്തനങ്ങൾ അടുക്കള, കുടുവെള്ള വിതരണം, ഓഫീസ് മുറി നവീകരണം, എന്നിങ്ങനെ ഭൗതികമേഖലകളിലും പി ടി എ, എൽ എസ് ജി, എസ് എസ് ജി, എസ് എം സി, എം പി ടി എ, റിസോഴ്സ് ടീച്ചർ, ഭിന്നശേഷിയുള്ള കുട്ടികൾ, രക്ഷിതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ ഗ്രന്ഥശാല, ക്ലബ് തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് വേണ്ടത്. വിദ്യാലയത്തിന്റെ ഇത്തരം മികവുകൾ സമൂഹവുമായി പങ്കുവെക്കേണ്ടതാണ്. എന്നാൽ മാത്രമേ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി എന്നറിഞ്ഞ് വിദ്യാലയത്തിലേക്ക് കുട്ടികളേയും ആകർഷിക്കുവാൻ കഴിയൂ. ഭൗതികമായും സാമൂഹികമായും അക്കാദമികമായും വിദ്യാലയം ഉയർന്ന നിലവാരത്തിലെത്തിയാൽ മാത്രമേ വിദ്യാലയം മികവിന്റെ കേന്ദ്രം എന്ന വാക്ക് അർത്ഥവത്താകൂ. സഹജീവി സ്നേഹം, സാമൂഹ്യ പ്രതിബന്ധത, കാർഷിക സംസ്ക്കാരം, ഇവ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങൾ വിദ്യാലയം ഏറ്റെടുത്താൽ മാത്രമേ വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക്
- ഫീൽഡ് ട്രിപ്പ്
- കലാ കായിക പരിശീലനം
- സജീവമായ ക്ലാസ്സ് പി ടി എ
- സ്കൂൾ പത്രം/മാസിക
- പ്രവർത്തി പരിചയ പഠനം
- ഒന്നാം ക്ലാസ്സ് ഒന്നാം തരം
- എസ് ആർ ജി സാക്തീകരണം
- സ്കൂൾ ഉച്ചഭഷണം
- ടേം മൂല്യ നിർണയം
- ദിനാചരണം
- നിരന്തര വിലയിരുത്തൽ

### ഭൗതികം

- ഓഫീസ് റൂം, ക്ലാസ്സ് റൂം സമുച്ചയം
- ലൈബ്രററി
- ഡൈനിങ്ങ് ഹാൾ ഫർണീച്ചർ
- കളിയുപകരണങ്ങൾ സ്ഥാപിക്കൽ

### സാമൂഹികം

- പി ടി എ ശക്തപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ

മേഖല : സാമൂഹികം

ഉപ മേഖല : വിദ്യാലയ വികസന സമിതി പൂർവ്വിദ്യാർ സംഘടന എന്നിവയുടെ പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വികസനത്തിന് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കൽ.<br><br>ക്ലബ്ബുകൾ കുടുംബ സംഗമം.<br><br>അംഗൻവാടി കലോത്സവം സംഘടിപ്പിക്കാൻ. | കുട്ടികളുടെ പാർക്ക്, സ്മാർട്ട് ക്ലാസ്സ് റൂം, ക്ലാസ് റൂം ലഭ്യമാക്കൽ,ലൈബ്രറി വികസനം മുതലായ സമഗ്രമായ വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നു.<br><br>സാമ്പത്തിക സമാഹരണ യജ്ഞത്തിൽ പങ്കാളികളാക്കുന്നു.<br><br>എസ് എം സി പ്രവർത്തനം കാര്യക്ഷമമാക്കുന്നു.<br><br>ഒ എസ് എ ശക്തിപ്പെടുത്തൽ സംഗമം സംഘടിപ്പിക്കൽ.<br><br>പൂർവ അധ്യാപക സംഘടന രൂപീകരിക്കുക.<br><br>വിദ്യാലയ പ്രവർത്തനങ്ങൾ (ആനുവൽ ഡേ, ദിനാചരണങ്ങൾ )എസ് എം സി, ഒ ടി എ, മുതലായവയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | JUNE - MARCH | HM | 2000<br><br>10000 |

മേഖല : ഭൗതികം

ഉപ മേഖല : വിദ്യാലയം ആകർഷകമാക്കൽ

നിജസ്ഥിതി : അമ്പതിലേറെ വർഷങ്ങൾ പഴക്കമുള്ള ഓടു മേഞ്ഞ സ്കൂൾ കെട്ടിടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആകർഷകമായ വിദ്യാലയ സൗകര്യം ഒരുക്കൽ.<br>ഡിജിറ്റൽ ലൈബ്രറി ഒരുക്കൽ.<br>എല്ലാ ക്ലാസ് മുറികളും സ്മാർട്ട് മുറികൾ ആക്കൽ.<br>സ്കൂൾമുറ്റം ടൈൽപാകി ഭംഗിയാക്കൽ.<br>നിലവിലുള്ള ബെൽ മാറ്റി ഓട്ടോമാറ്റിക് ഇലക്ട്രിക് ബെൽ സ്ഥാപിക്കൽ.<br>ഡിജിറ്റൽ ലൈബ്രറി ഒരുക്കൽ.<br>ക്ലാസ് മുറികൾ മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി റാക്കുകൾ മുതലായ സ്ഥാപിക്കൽ. | പുതിയ കെട്ടിടം (എട്ടു ക്ലാസ് മുറികൾ, ഓഫീസ്, ലൈബ്രറി,ടീച്ചേഴ്സ്) ഉറപ്പാക്കുക.<br>എല്ലാ ക്ലാസ് മുറികളിലേക്കും ശിശു സൗഹൃദവും ആകർഷകവുമായ ഇരിപ്പിടങ്ങൾ.<br>കളി ഉപകരണങ്ങൾ (INDOOR/OUTDOOR).<br>SPOTS KIT | MAY - | PANCHAYAT<br>BRC | |

മേഖല : അക്കാദമികം

ഉപമേഖല : പ്രീ പ്രൈമറി ശാക്തീകരണം/ ആകർഷകമാക്കൽ

പരിമിതി 1: ആകർഷകമല്ലാത്ത ക്ലാസ് മുറികളും ഉപകരണങ്ങളും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് | • പ്രീപ്രൈമറിക്ക് മാത്രമായി(+3,+4) രണ്ടു ക്ലാസ് മുറികൾ നിർമ്മിക്കുക.ശിശു സൗഹൃദ ടോയ്ലറ്റ് | 2024-25 മുതൽ | പഞ്ചായത്ത് | 5000000/- |
| ആകർഷകമായ വിദ്യാലയാന്തരീക്ഷം ഒരുക്കുന്നതിന് | • ആകർഷകവും ശിശു സൗഹൃദവുമായ ഇരിപ്പിടങ്ങൾ ഒരുക്കുക | | പഞ്ചായത്ത് | 200000/- |
| | • കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് അനുയോജ്യമായTLM ഒരുക്കുക | | SSK | 200000/- |
| | • ആകർഷകമായ കളി ഉപകരണങ്ങൾ( അകം/പുറം) നിർമ്മിക്കുക | | SSK | 500000/- |
| | • പ്രീ പ്രൈമറി അധ്യാപിക/ ആയ എന്നിവരെ നിയമിക്കുക | | പഞ്ചായത്ത് | |
| | • ക്ലാസ് മുറികളിൽ പ്രൊജക്ടർ, interactive ബോർഡ് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ ഉറപ്പാക്കുക | | SSK | 200000/- |
| | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ചിത്രാ-പുസ്തകങ്ങൾ ശേഖരിക്കുക | | SSG OSA | 10000/- |
| | • ആകർഷകമായ പൂന്തോട്ടം | | SSK പഞ്ചായത്ത് | 25000/- |

മേഖല : അക്കാദമികം

ഉപ മേഖല : ജൈവവൈവിധ്യ പാർക്ക്

നിജസ്ഥിതി : വിവിധതരത്തിലുള്ള ജൈവവൈവിധ്യം ഇവിടെ ഉണ്ടെങ്കിലും ഭൗതികമായ സാഹചര്യങ്ങൾ കുറവാണ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ. | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക.<br>ഔഷധ സസ്യങ്ങളുടെ പ്രാധാന്യം - ചാർട്ട്.<br>പ്രദർശനം (ഇല,പൂക്കൾ, വേര് മുതലായവ).<br>ക്ലാസ് മുറികളിൽ അക്വേറിയം തയ്യാറാക്കൽ.<br>താമരക്കുളം.<br>ജൈവ പന്തൽ. | JUNE - MARCH | PTA<br>SMC<br>OSA<br>PANCHAYAT<br>അധ്യാപകർ | 10000 |

മേഖല : അക്കാദമികം

ഉപ മേഖല : സ്കൂൾ പത്രം, മാസിക

നിജസ്ഥിതി : ക്ലാസ് തല പ്രവർത്തനങ്ങളുടെ ഭാഗമായി മാസികകളും പതിപ്പുകളും തയ്യാറാക്കുന്നില്ല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മകശേഷി പ്രോത്സാഹിപ്പിക്കൽ.<br><br>കുട്ടികളുടെ രചനകൾ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും മുന്നിലെത്തിക്കൽ.<br><br>കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കൽ. | ക്ലാസ് റൂം പ്രവർത്തനങ്ങളിൽ രൂപപ്പെടുന്ന മികച്ച രചനകൾ ശേഖരിക്കുക, തരംതിരിക്കുക, മികച്ചവ തെരഞ്ഞെടുക്കുന്നു.<br><br>മാസിക, പത്രം എന്നിവയിൽ പരസ്യം ഉൾപ്പെടുത്തി സാമ്പത്തിക സമാഹരണത്തിനായി സ്പോൺസർമാരെ കണ്ടെത്തുന്നു.<br><br>പത്രം മാസിക പ്രിന്റ് ചെയത് വിതരണം ചെയ്യുന്നു.<br><br>കയ്യെഴുത്തു മാസിക | JUNE - MARCH | അധ്യാപകർ<br><br>PTA<br><br>OSA<br><br>SMC<br><br>SRG | 3000 |

മേഖല : അക്കാദമികം

ഉപ മേഖല : പ്രതിഭാ പോഷണ പരിപാടി

നിജസ്ഥിതി : കുട്ടികൾക്ക് കലാകായിക പ്രവർത്തി പരിചയ മേഖലയിൽ ആവശ്യമായ പരിശീലനം ലഭ്യമാകുന്നില്ല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാലാം ക്ലാസ് വരെയുള്ള പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി മത്സരങ്ങളിൽ പങ്കെടുക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കൽ.<br><br>കുട്ടികളുടെ കലാകായിക പ്രവർത്തി പരിചയം മേഖലയിലെ കഴിവുകൾ വികസിപ്പിക്കൽ | ദിനാചരണങ്ങളോട് അനുബന്ധിച്ച് അതുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുകയും ആനുകാലികപ്രസക്തമായ കാര്യങ്ങൾ വ്യക്തമായി അസംബ്ലിയിൽ അവതരിപ്പിക്കാനും എൽഎസ്എസ് പോലുള്ള മത്സരപരീക്ഷകളിൽ പങ്കാളികളാക്കാനും വേണ്ടി പ്രത്യേക പരിശീലനം നൽകുന്നു.<br>• രചനാ മത്സരങ്ങൾ<br>• ചിത്രരചന<br>• കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു<br>• ക്വിസ് | JUNE - MARCH | ക്ലാസ് അധ്യാപകർ<br><br>OSA<br><br>SMC<br><br>BRC | 5000 |

മേഖല : അക്കാദമികം

ഉപ മേഖല : വായിക്കാം വളരാം

നിജസ്ഥിതി : വായനയിലും എഴുത്തിലും പിന്നോക്കാവസ്ഥ നിലനിൽക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വായന പരിപോഷിപ്പിക്കുക | • പത്രം, ബാല മാസികകൾ എന്നിവയിൽ നിന്നും ഒന്നാം ക്ലാസിൽ പഠിച്ച വാക്കുകൾ അക്ഷരങ്ങൾ എന്നിവ തിരിച്ചറിയാൻ വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു. | JUNE – MARCH | ക്ലാസ് അധ്യാപകർ | OSA |
| | • മുതിർന്ന ക്ലാസുകളിൽ അസംബ്ലിയിൽ പത്രവായന, കഥകൾ വായിക്കാൻ അവസരം നൽകുന്നു. | JUNE – MARCH | | |
| | • എല്ലാ ക്ലാസുകളിലേക്കും അനുയോജ്യമായ ലൈബ്രറി പുസ്തകങ്ങൾ, റഫറൻസ് പുസ്തകങ്ങൾ, ബാല മാസികകൾ, ദിനപത്രങ്ങൾ എന്നിവ ക്ലാസ്സുകളിൽ സജ്ജീകരിക്കൽ. | JUNE | സ്കൂൾ ലൈബ്രറിയൻ, കുട്ടി ലൈബ്രറിയൻ | 5000 |
| | • ക്ലാസുകളിൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യു വായന കുറിപ്പ് തയ്യാറാക്കൽ. | | ക്ലാസ് അധ്യാപകർ | |
| | • ക്ലാസ് ലൈബ്രറി സംവിധാനം രണ്ടു മുതൽ നാലു വരെ ക്ലാസുകളിൽ കാര്യക്ഷമമാക്കുക | JULY | ക്ലാസ് അധ്യാപകർ | |
| | • ശ്രാവ്യവായന<br>• വായന റിലേ<br>• ഞാൻ വായിച്ച പുസ്തകം അസംബ്ലിയിൽ അവതരിപ്പിക്കൽ<br>• വായന ക്ലാസ് | | | |
| | • വായിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കൽ | | | |
| | • കുട്ടികളുടെ പത്രം | എല്ലാമാസവും | SRG | 5000 |

മേഖല : അക്കാദമികം

ഉപമേഖല: പഠിക്കാം മുന്നേറാം

നിജസ്ഥിതി : ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ പഠനപിന്തുണ ആവശ്യമായ കുട്ടികൾ ഉണ്ട്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എഴുത്ത്,വായന, സംഖ്യാബോധം എന്നിവ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | • SRG യോഗം (ആസൂത്രണം ) | MAY | SRG | |
| | • PRE-TEST | JUNE | TEACHERS | |
| | • CPTA | JUNE | TEACHERS | |
| | • പ്രവർത്തനങ്ങളുടെ ആസൂത്രണം | JUNE | | |
| | • MODULE PREPARATION | JUNE | BRC& TEACHERS | |
| | • വർക്ക് ഷീറ്റ് തയ്യാറാക്കൽ. | JUNE | | 1000 |
| | • പ്രവർത്തനങ്ങൾ നടപ്പിലാക്കലും വിലയിരുത്തലും. ( ICT സാധ്യതകൾ കൂടി ഉപയോഗിക്കുന്നു). | JUNE - | TEACHERS | |
| | • മാസാന്ത്യങ്ങളിൽ കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് | | | |
| | • എല്ലാ മാസവും CPTA | JUNE - | | |

മേഖല : ഭൗതികം

ഉപ മേഖല : പ്രീ പ്രൈമറി ഭൗതിക സൗകര്യങ്ങൾ

നിജസ്ഥിതി : പ്രീ പ്രൈമറി കുട്ടികൾക്കായുള്ള വിദ്യാലയ സൗകര്യങ്ങൾ ഒട്ടുംതന്നെ ആകർഷകവും ശിശു സൗഹൃദപരവും അല്ല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീ പ്രൈമറി വിദ്യാലയന്തരീക്ഷം ആകർഷകമാക്കി വിദ്യാലയത്തിന്റെ ഫീഡിങ് ഏരിയയിലെ മുഴുവൻ കുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കൽ. | പ്രീ പ്രൈമറിക്കായി പ്രത്യേക ക്ലാസ് മുറികൾ. | MAY – | SSK | 250,000 |
| | കുട്ടികൾക്കും അധ്യാപകർക്കും ക്ലാസ്സിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുക. | | PANCHAYAT | 200,000 |
| | കളിയുപകരണങ്ങൾ | | SSK | 50000 |
| | INTERACTIVE BOARD. | | SSK | 25000 |
| | TEACHING LEARNING AIDS | | BRC | 5000 |